**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4708** **19-07-2022 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ, അംശദായം പൂർണമായും അടച്ചുതീർത്ത, 60 വയസ്സ് പൂർത്തിയായ പുരാണ പാരായണ കലാകാരന്മാർക്കും മറ്റും നാളിതുവരെ പെൻഷൻ ലഭിച്ച് തുടങ്ങിയിട്ടില്ലാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | പുരാണ പാരായണ വിഭാഗക്കാർക്ക് നിലവിൽ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ നിന്നും പെൻഷൻ അനുവദിച്ചു വരുന്നില്ല. പുരാണപാരായണ കലാസംഘടന പുരാണപാരായണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന റിട്ട് ഹർജിയിൽ തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്നതിനുവേണ്ട നടപടി സ്വീകരിയ്ക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | കൊല്ലം ജില്ലയിൽ 60 വയസ്സ് പൂർത്തിയായിട്ടുള്ളതും ക്ഷേമനിധി പെൻഷൻ ലഭിക്കുവാൻ ശേഷിക്കുന്നതുമായ പുരാണ പാരായണ കലാകാരന്മാരുടെ എണ്ണം വ്യക്തമാക്കുമോ; | (ബി) | 260 പേർ |
| (സി) | പ്രസ്തുത ക്ഷേമനിധിയിൽ അംഗമായ, 2021 മാർച്ച് മാസം വരെയുള്ള അംശദായം പൂർണമായും അടച്ചുതീർത്ത, 60 വയസ്സ് പൂർത്തിയായ, പുനലൂർ മണ്ഡലത്തിലെ പുരാണ പാരായണ കലാകാരനായ പനയഞ്ചേരി പുതിയ പാലവിള വീട്ടിൽ തുളസീധരൻ പിള്ള. എം.ന് പെൻഷൻ നല്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത വ്യക്തിക്ക് പെൻഷൻ എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ പെൻഷൻ അനുവദിച്ചിട്ടില്ല. പുരാണപാരായണ കലാസംഘടന ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന റിട്ട് ഹർജിയിൽ തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്നതിനുവേണ്ട നടപടി സ്വീകരിയ്ക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ